# 29

എൻ ഹൃദയം ശുഭവചനത്താൽ കവിയുന്നു
എൻ മനം ആനന്ദത്താൽ നിറഞ്ഞിടുന്നു
എൻ പ്രിയനീ ഏഴയ്ക്കേകിയ നന്മകൾ-
ക്കെന്തിഹെ ഞാൻ പകരം പരനേകും

ആനന്ദമേ ക്രിസ്തു ജീവിതം
ആശ്വാസമുണ്ടീ പാതയിൽ

1. നിത്യപിതാവെൻ കൂടെയിരുന്ന്
നിത്യവുമെൻപോർ ചെയ്തിടുന്നതിനാൽ
നിർഭയവാസമെനിക്കുണ്ടുലകിൽ
നിത്യവുമീ മരുയാത്രയിലെല്ലാം — ആനന്ദ..

2. എൻ പ്രിയനെനിക്കായ് കരുതുന്നതിനാൽ
തൻ തിരുമാർവ്വിൽ ഞാൻ വിശ്രമിച്ചിടുന്നു
ജീവനും ഭക്തിക്കും വേണ്ടിയതൊക്കെയും
തൻ ദിവ്യമാം ശക്തി ദാനം ചെയ്തതിനാൽ — ആനന്ദ..

3. ആപത്തനർത്ഥങ്ങൾ രോഗാകുലങ്ങളാൽ
ആശയററയ്യോ ഞാനാകെ തളർന്നപ്പോൾ
ആശ്വസിപ്പിക്കും കരങ്ങളാലെൻ പ്രിയൻ
അത്ഭുത സൗഖ്യവും ശാന്തിയും തന്നതാൽ — ആനന്ദ..

4. അന്ധകാരത്തിൽ നിന്നെ വിളിച്ചവൻ
അത്ഭുത ശോഭയിലേയ്ക്കു നടത്തുന്നു
അല്പകാലത്തെയീ ക്ലേശങ്ങൾ തേജസിൻ
നിത്യഘനത്തിനായ് തീരുന്നെനിക്ക് — ആനന്ദ..